റേഷൻ കടകളിലൂടെയുള്ള ഭക്ഷ്യ വസ്തുക്കളിലെ വിതരണത്തിലെ ക്രമക്കേടുകൾ

20(*170) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. യു. സി. രാമൻ :
ശ്രീ. എം. ഉമ്മർ :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റേഷൻ കടകളിൽ വിതരണം നടത്തേണ്ട ഗോതമ്പ് മൊത്തമായി മില്ലുകൾക്കെത്തിച്ച് പൊടിച്ച് കൂടിയ വിലയ്ക്ക് വിൽക്കുന്ന രീതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബി.പി.എൽ. കാർഡുടമകൾക്ക് ലഭിക്കേണ്ട വിഹിതം റേഷൻ കടക്കാർ നിഷേധിക്കുന്നതുമായ പരാതിക്ക് പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അന്ത്യോദയ, അന്നപൂർണ്ണ പദ്ധതി പ്രകാരം സൗജന്യമായി ഭക്ഷ്യധാന്യം ലഭിക്കാനർഹരായവർ ആരെല്ലാം ;

(സി) രണ്ട് രൂപയ്ക്ക് അരി ലഭിക്കാൻ അർഹരായ തൊഴിവാളി വിഭാഗങ്ങളെക്കുറിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല എന്ന് പറഞ്ഞ് ആനുകൂല്യങ്ങൾ നിക്ഷേധിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ആനുകൂല്യത്തിനർഹതപ്പെട്ട വിഭാഗങ്ങൾ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിവിധ പദ്ധതികൾ പ്രകാരം സൗജന്യമായി അരി ലഭിക്കാൻ അർഹതപ്പെട്ടവർക്കും ബി.പി.എൽ. വിഭാഗത്തിനും ലഭിക്കേണ്ട ധാന്യം അവർക്ക് കൃത്യമായി വിതരണം ചെയ്യുന്നുണ്ടെന്നും റേഷൻ വ്യാപാരികൾക്ക് ന്യായമായ പ്രതിഫലം ലഭിക്കുന്നുണ്ടെന്നും ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; ഇനി പുതുതായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ?

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ,

(എ) വ്യാപകമായി റേഷൻ ഗോതമ്പ് മില്ലുകളിലേയ്ക്ക് കടത്തിക്കൊണ്ടു പോകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപൂർവ്വം ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് സർക്കാർ കർശന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രം അനുവദിച്ചു നല്കുന്ന 5000 മെ.ടൺ ഗോതമ്പ് പൊടിയാക്കി സപ്ലൈകോ റേഷൻ കടകൾ വഴി കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുന്നു.

(ബി) വിരളമായ കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബി.പി.എൽ. വിഹിതം അർഹതപ്പെട്ടവർക്ക് ശരിയായ അളവിൽ തന്നെ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട് പരാതികൾ യഥാസമയം പരിഹരിച്ചിട്ടുണ്ട്. അന്ത്യോദയ പദ്ധതി പ്രകാരം സൗജന്യമായി ഭക്ഷ്യധാന്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

നല്കുന്നില്ല. അന്നപൂർണ്ണ പദ്ധതി പ്രകാരം പ്രതിമാസം 10 കി.ഗ്രാം അരി സൗജന്യമായി 65 വയസ്സ് കഴിഞ്ഞ, വാർദ്ധക്യകാല പെൻഷന് അർഹതയുള്ള എന്നാൽ പെൻഷൻ ലഭിക്കാത്ത വയോജനങ്ങൾക്ക് നൽകിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതുതായി 22 വിഭാഗങ്ങളെ 2 രൂപ അരി നൽകുന്ന പദ്ധതിയിൽ ഉൾപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ മുഴുവൻ ബി.പി.എൽ/എ.എ.വൈ. കാർഡുടമകൾക്കും പുറമെ എ.പി.എൽ. വിഭാഗത്തിലെ പട്ടികജാതി, പട്ടികവർഗ്ഗ, മത്സ്യത്തൊഴിലാളി, ആശ്രയ കുടുംബങ്ങൾക്കും അസംഘടിത മേഖലയിലെ തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട കർഷകത്തൊഴിലാളി, കയർ, കശുവണ്ടി, ബീഡി, പനമ്പ്, ഈറ്റ, തോട്ടം, ഖാദി, കൈത്തറി, തഴപ്പായനിർമ്മാണം, മൺപാത്ര നിർമ്മാണം, എന്നീ വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികൾക്കും ദേശീയതൊഴിലുറപ്പു പദ്ധതിയിൽ കുറഞ്ഞത് 50 ദിവസമെങ്കിലും പണി ചെയ്തിട്ടുള്ളവർക്കും ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവരുന്നു. എൻഡോസൾഫാൻ ദുരിത ബാധിതരെയും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) അർഹതപ്പെട്ട റേഷൻ സാധനങ്ങൾ കാർഡുടമകൾക്ക് കൃത്യമായി ലഭിക്കുന്നുണ്ട് എന്നുറപ്പുവരുത്താനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ ഒറ്റയ്ക്കും പോലീസ്, ലീഗൽ മെട്രോളജി തുടങ്ങിയ വകുപ്പുകളുമായി ചേർന്നും റെയ്ഡുകൾ നടത്തിവരുന്നുണ്ട്. കൂടാതെ പഞ്ചായത്ത് /താലൂക്ക്/ ജില്ലാ/ സംസ്ഥാനതല, ഭക്ഷ്യോപദേശക വിജിലൻസ് സമിതിയിൽ റേഷൻ സംവിധാനം നിരീക്ഷിച്ചു വരുന്നുണ്ട്. റേഷൻ വ്യാപാരികൾക്ക് നൽകി വന്നിരുന്ന കമ്മീഷൻ 1-6-2009 മുതൽ വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ട്. മൊത്ത വ്യാപാരികൾക്ക് ക്വിന്റലിന് 6 രൂപയും ചില്ലറ വ്യാപാരികൾക്ക് ക്വിന്റലിന് 9 രൂപയും വീതം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള കമ്മീഷൻ അനുബന്ധമായി ചേർത്തിരിക്കുന്നു.*

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം

21(*171) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് :
ശ്രീ. വി. ശശികുമാർ :
ശ്രീ എം. കെ. പുരുഷോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുള്ളതെന്നറിയിക്കുമോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly